നടപടി കൈക്കൊണ്ടിട്ടുണ്ട്. രഹസ്യ വിവര ശേഖരണവും കേസന്വേഷണവും ഊർജ്ജിതപ്പെടുത്തുന്നതിനായി വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

വനം വകുപ്പ് ജീവനക്കാർക്ക് പോലീസ് ക്യാന്റീൻ അനുവദിക്കുന്നത്

261 (3773) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ജീവനക്കാർക്ക് 'പോലീസ് സെൻട്രൽ ക്യാന്റീൻ 'മാതൃകയിൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനം എന്ന് മുതൽ നടപ്പിലാക്കുമെന്ന് അറിയിക്കുമോ; ആയത് വനം വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ഉപയുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) വനംവകുപ്പ് ജീവനക്കാർക്ക് പോലീസ് സെൻട്രൽ ക്യാന്റീൻ മാതൃകയിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

വനം വകുപ്പിൽ സ്ഥിരപ്പെടുത്തിയ താല്ക്കാലിക ജീവനക്കാർ

262 (3774) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനം വകുപ്പിൽ എത്ര താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും എത്ര വർഷം താത്കാലികമായി ജോലി ചെയ്തവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തസ്തികയിലാണ് താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും ആയതിന്റെ മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരിൽ അർഹരായ പലരും ഉൾപ്പെട്ടിട്ടില്ല എന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ പരാതി ലഭിച്ചിരുന്നോ; ആയത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇനിയും എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്നും ആയത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ 116 താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അതിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി താൽക്കാലികാടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ജോലി ചെയ്തുവന്നിരുന്ന 105 പേരും 18 വർഷം താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിയ ഒരാളും പരിസ്ഥിതി പ്രവർത്തകനും വന്യജീവി സംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ട ഏഴ് വർഷം താൽക്കാലികമായി ജോലി നോക്കിവന്നിരുന്ന ഒരാളും എട്ട് വർഷത്തിലേറെക്കാലമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്ന 9 ആനപാപ്പാന്മാരും ഉൾപ്പെടുന്നു.

(ബി) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി താൽക്കാലികാടിസ്ഥാനത്തിൽ ദിവസ വേതനത്തിൽ ജോലി ചെയ്തുവന്ന 105 പേരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചർ തസ്തികയിലും വന്യജീവി സംരക്ഷണ പ്രവർത്തനത്തിലേർപ്പെട്ട ഏഴ് വർഷം താൽക്കാലികമായി ജോലിനോക്കിവന്നിരുന്ന ഒരാളെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചർ തസ്തികയിലും 18 വർഷം താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിയ ഒരാളെ ക്ലാർക്ക് തസ്തികയിലും 9 പേരെ ആനപാപ്പാൻ തസ്തികയിലുമാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്നവരുടെ സേവനം വനം വകുപ്പിന് തുടർന്നും ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടവരെയാണ് സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡമാക്കിയത്. വനം വകുപ്പിൽ പരിചയ സമ്പന്നരായ ആനപാപ്പാന്മാരുടെ അഭാവത്തിലാണ് താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്ന പാപ്പാന്മാരെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചത്.

(സി) ഉണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 99 താൽക്കാലിക ജീവനക്കാരുടെ അപേക്ഷ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly